(Pages : 3) **E – 3318**

Reg. No. : ......................................

Name : ...........................................

**Fourth Semester B.A./B.Sc. Degree Examination, July 2018**

**First Degree Programme Under CBCSS**

**MALAYALAM : LANGUAGE AND LITERATURE**

**Language Course – IX (Additional Language – IV)**

**ML 1411.1 : വിനിമയം, സർഗ്ഗാത്മക രചന, ഭാഷാവബോധം**

**(2014 Admission Onwards)**

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1) Understanding Media എന്ന കൃതിയുടെ കർത്താവാര് ?

2) ഭാരതത്തിൽ പ്രസിദ്ധീകരിച്ച ആദ്യപത്രം ?

3) ആൾ ഇൻഡ്യാ റേഡിയോയ്ക്ക് ആകാശവാണി എന്നു പേരു നൽകിയതാര് ?

4) ദൂരദർശൻ ആരംഭിച്ച വർഷം ?

5) വീഡിയോ മാത്രം ബ്ലോഗ് ചെയ്യുന്നതിന് പറയുന്ന പേര് ?

6) ആദ്യത്തെ മലയാള ശബ്ദചിത്രം ?

7) മലയാളത്തിലെ ആദ്യ അനുവർത്തനചിത്രം ?

8) ലിറിക്കൽ ബാലഡ്സിന് അവതാരിക എഴുതിയതാര് ?

9) 'നിന്റെ ഓർമ്മയ്ക്ക്' എന്നത് ആരുടെ ചെറുകഥയാണ് ?

10) ഇരുൾച്ചിറകുകൾ ആരുടെ കാവ്യസമാഹാരമാണ് ? **(10×1=10 മാർക്ക്)**

II. **ഒരു** ഖണ്ഡികയിൽ ഏതെങ്കിലും **8** ചോദ്യത്തിന് ഉത്തരമെഴുതുക.

11) വേർഡ്സ്‌വർത്തിന്റെ കാവ്യനിർവചനം ? അതു രേഖപ്പെടുത്തിയത് എവിടെയാണ് ?

12) ഭാവനയെപ്പറ്റി കോളറിഡ്ജിന്റെ നിരീക്ഷണമെന്ത് ?

13) രുദ്രടൻ പ്രതിഭയെ വേർതിരിക്കുന്നതെങ്ങനെ ?

**P.T.O.**

14) മാധ്യമം (channel) എന്നാലെന്ത് ?

15) ബഹുവൈയക്തിക മാതൃക (Interpersonal Model) എന്നാലെന്ത് ?

16) വിനിമയത്തെ നിർവചിക്കുക.

17) വ്യക്ത്യന്തരവിനിമയം (Inter personal communication) എന്നാലെന്ത് ?

18) എന്താണ് വാട്സ്ആപ്പ് ?

19) കാവ്യഭാഷയെപ്പറ്റി ദാന്തേയുടെ നിലപാട് എന്തായിരുന്നു ?

20) ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്യുക.

ഏപ്രിൽ! എനിക്കറിയില്ല നിൻ ക്രൂരത!'
ഈ പാഴ്ത്തൊടിയിലും നീ വന്നു നിൽക്കുന്നു.

21) മലയാളത്തിലേക്കു വിവർത്തനം ചെയ്യുക.

Sociology is a science of society. As a social science it attempts to study social life as a whole. But for the understanding of social life as a whole sociology requires the help of other social sciences which studies a particular aspect of society.

22) പഴഞ്ചൊല്ലുകൾ പരിഭാഷപ്പെടുത്തുക.

1) All that glitters is not gold.

2) വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും. **(8×2=16 മാർക്ക്)**

III. **ഓരോന്നിനും ഒന്നരപ്പുറത്തിൽ** കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23) മാനവ ആശയ വിനിമയരീതികളേവ ? വിശദമാക്കുക.

24) മാധ്യമ പഠനത്തിൽ മക്‌ലൂഹന്റെ സംഭാവനകളെന്തെല്ലാം ?

25) അച്ചടിയെ അടിസ്ഥാനമാക്കിയുള്ള മാധ്യമങ്ങൾ ഏതെല്ലാം ? വിശദമാക്കുക.

26) മലയാളസിനിമയുടെ പ്രാരംഭഘട്ട ചരിത്രം വിശദമാക്കുക.

27) ഇന്റർനെറ്റിന്റെ ഉത്ഭവവും പ്രവർത്തനവും വിശദമാക്കുക.

28) ബ്ലോഗ് എന്നാലെന്ത് ? മലയാളത്തിലെ ബ്ലോഗ് സാഹിത്യത്തെ വിലയിരുത്തുക.

29) ഭരണഭാഷയ്ക്കുണ്ടാവേണ്ട ഗുണങ്ങളേവ ? വിശദമാക്കുക.

30) സുഗതകുമാരിയുടെ കാവ്യജീവിതത്തെ അവർ സ്വയം അടയാളപ്പെടുത്തുന്നത് എങ്ങനെയാണ് ?

31) എം. ടി. യുടെ 'നിന്റെ ഓർമ്മയ്ക്ക്' എന്ന കഥാരചനാനുഭവത്തെ വിശദമാക്കുക.

**(6×4=24 മാർക്ക്)**

**മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32) സർഗ്ഗാത്മകതയെപ്പറ്റിയുള്ള പാശ്ചാത്യവും പൗരസ്ത്യവുമായ അഭിപ്രായങ്ങൾ വിശദമാക്കുക.

33) ഭരണഭാഷ മലയാളമാക്കുമ്പോഴുണ്ടാകുന്ന ഗുണങ്ങളും പ്രശ്നങ്ങളും വിലയിരുത്തുക.

34) നവമാധ്യമങ്ങൾ വിദ്യാഭ്യാസമേഖലയിൽ ഉപയോഗിക്കുവാൻ കഴിയുന്നതെങ്ങനെയെന്നു വിശദമാക്കുക.

35) ന്യൂജനറേഷൻ ചലച്ചിത്രങ്ങളുടെ സംസ്ക്കാരം മെട്രോ നഗരത്തിന്റേതാണെന്ന അഭിപ്രായം വിലയിരുത്തുക. **(2×15=30 മാർക്ക്)**

(Pages : 3) G – 3914

Reg. No. : ..............................

Name : ..................................

# Fourth Semester B.A./B.Sc. Degree Examination, July 2019

## First Degree Programme under CBCSS

## Malayalam : Language

## Language Course IX – (Additional Language IV)

## ML 1411.1 : വിനിമയം, സർഗ്ഗാത്മകരചന, ഭാഷാവബോധം

## (2014 Admission Onwards)

Time : 3 Hours Max. Marks :

I. ഒരു വാക്കിലോ പരമാവധി രണ്ടു വാക്യത്തിലോ ഉത്തരമെഴുതുക.

1. മലയാളലിപി ആദ്യമായി അച്ചടിച്ച ഗ്രന്ഥം ഏത്?

2. 'ലിറിക്കൽ ബാലഡ്സിന്' മുഖവുര (preface) എഴുതിയതാര്?

3. പൊതുജനനന്മയെ ലക്ഷ്യമാക്കി കേരളത്തിൽ പുറത്തിറങ്ങിയ മതേതരമായ ആദ്യപത്രം ഏത്?

4. ആകാശവാണി യുവാക്കൾക്കുവേണ്ടി 1969-ൽ ആരംഭിച്ച പ്രത്യേക പരിപാടിയുടെ പേര്?

5. 'കാഥികന്റെ പണിപ്പുര' എന്ന കൃതിയുടെ കർത്താവാര്?

6. ഹൈപ്പർ ടെക്സ്റ്റിന്റെ മലയാള പദം ഏത്?

7. മലയാളത്തിലെ ആദ്യത്തെ ത്രീഡി സിനിമ.

8. 1982-ലെ ഓടക്കുഴൽ അവാർഡ് നേടിയ സുഗതകുമാരിയുടെ കൃതി.

9. 'Understanding Media' എന്ന കൃതിയുടെ കർത്താവാര്?

10. കേരള സർക്കാർ സിനിമയിലെ സമഗ്രസംഭാവനയ്ക്ക് നൽകുന്ന പുരസ്ക്കാരത്തിന്റെ പേരെന്ത്?

**(10 × 1 = 10 Marks)**

II. ഒരു ഖണ്ഡികയിൽ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. ബഹുജന ആശയ വിനിമയം (mass communication) എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?

12. സൈബർ സാഹിത്യം : എന്താണെന്ന് വിശദമാക്കുക.

13. വിവർത്തനം കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാം?

14. സർഗ്ഗാത്മകത (creativity) എന്നാലെന്ത്?

15. സ്രോതഭാഷയും ലക്ഷ്യഭാഷയും എന്തെന്ന് വിശദമാക്കുക.

16. ഊഷ്മളമാദ്ധ്യമവും ശീതമാദ്ധ്യമവും (Hot and Cool Medium) എന്താണെന്ന് ഉദാഹരണസഹിതം വിവരിക്കുക.

17. ഭരണഭാഷയ്ക്കുണ്ടായിരിക്കേണ്ട ഗുണങ്ങൾ എന്തെല്ലാം?

18. കലാഭിരുചി വളർത്തുന്ന റേഡിയോ പരിപാടികൾ ഏതെല്ലാം?

19. 'വിക്കിപീഡിയ' എന്താണെന്ന് വിശദമാക്കുക.

20. മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക.

"Why did you choose India? And of all places in Indian, why this hell-hole, Calcutta"? I asked Mother Teresa. She let a gentle smile come over her face. "India was a missionary country. I was sent here. And I love the people of Calcutta. They have a warmth which you don't see anywhere else".

21. ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്യുക.

"ഹാ! പുഷ്പമേ, അധികതംഗപദത്തിലെത്ര
ശോഭിച്ചിരുന്നിതൊരു രാജ്ഞികണക്കയേ നീ".

22. 'All that glitters is not gold' - സമാനമായ മലയാള പഴമൊഴി കണ്ടെത്തി ആശയം വിശദമാക്കുക.

**(8 × 2 = 16 Marks)**

III. ഓരോന്നിനും ഒന്നരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. സർഗ്ഗാത്മകത വെറും അനുകരണമല്ല - സമർത്ഥിക്കുക.

24. വിവർത്തനത്തിന്റെ സാംസ്കാരിക ധർമ്മമെന്ത്? വിശദമാക്കുക.

25. ദൃശ്യമാധ്യമങ്ങളുടെ കാലികപ്രസക്തി വിമർശനബുദ്ധ്യാ പരിശോധിക്കുക.

26. ആശയവിനിമയ പ്രക്രിയയിലെ പ്രധാന ഘടകങ്ങൾ ഏതെല്ലാം?

27. മലയാളപത്രപ്രവർത്തനമേഖലയ്ക്ക് ദിശാബോധം നൽകുന്നതിൽ സ്വദേശാഭിമാനി രാമകൃഷ്ണപിള്ള നൽകിയ സംഭാവനകൾ എന്തെല്ലാം?

28. മലയാളം ബ്ലോഗുകൾ - കുറിപ്പെഴുതുക.

29. 'ഒരു പൂവിരിയുന്നപോലെ തന്നിൽ കവിത ജനിക്കുന്നു' എന്ന് സുഗതകുമാരി വിവരിക്കുന്നതെങ്ങനെ?

30. കാവ്യഭാഷയെകുറിച്ച് വേഡ്സ്വർത്തിന്റെ സങ്കല്പം എന്ത്?

31. ഭരണഭാഷാ വിവർത്തകൻ നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാം?

**(6 × 4 = 24 Marks)**

IV. മൂന്നു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32. 'മാധ്യമങ്ങളുടെ ധാർമ്മികതയിൽ വന്ന മാറ്റങ്ങളുടെ പ്രധാനകാരണം പരസ്യങ്ങളോടുള്ള വിധേയത്വമാണ്' - വിമർശബുദ്ധ്യാ പരിശോധിക്കുക.

33. 'നിന്റെ ഓർമ്മയ്ക്ക്' എന്ന കഥ മനസ്സിൽ രൂപപ്പെട്ട സാഹചര്യം എം.ടി. വാസുദേവൻ നായർ വിവരിക്കുന്നതെങ്ങനെ?

34. ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന കേരളസർക്കാറിന്റെ പ്രഖ്യാപിതനയം പൂർണ്ണമായും സാധ്യമാണോ? - പരിശോധിച്ച് വിലയിരുത്തുക.

35. മലയാളം കമ്പ്യൂട്ടിംഗിന്റെ ചരിത്രം വിശകലനം ചെയ്യുക.

**(2 × 15 = 30 Marks)**

(Pages : 4)

**J – 1012**

Reg. No. : ..............................

Name : ..................................

## Fourth Semester B.A./B.Sc. Degree Examination, March 2020

## First Degree Programme under CBCSS

## Malayalam Language

## Language Course — Additional Language IV

## ML 1411.1 — വിനിമയം, സർഗ്ഗാത്മകരചന, ഭാഷാവബോധം

## (2014-2017 admissions)

Time : 3 Hours

Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

1. 'മാധ്യമം തന്നെയാണ് സന്ദേശം' എന്ന അഭിപ്രായം ആരുടേതാണ്?

2. പ്രതിഭയെ കാരയിത്രി എന്നും ഭാവയിത്രി എന്നും വർഗ്ഗീകരിച്ച ഭാരതീയ സാഹിത്യ ചിന്തകൻ ആര്?

3. ഐക്യകേരളം രൂപീകരിക്കപ്പെട്ടത് എന്തിന്റെ അടിസ്ഥാനത്തിലാണ്?

4. ഇന്ത്യയിലെ ആദ്യപത്രം ആയി അറിയപ്പെടുന്നത് ഏത്?

5. കേരളകൗമുദി പത്രത്തിന്റെ സ്ഥാപകൻ ആര്?

6. ഇന്ത്യൻ സിനിമയുടെ പിതാവ് എന്നറിയപ്പെടുന്നത് ആര്?

7. എന്താണ് ബ്ലോഗ്?

P.T.O.

8. കാവ്യതത്ത്വ പ്രവേശിക എന്ന ഗ്രന്ഥത്തിന്റെ കർത്താവാര്?

9. "പ്രതീകങ്ങളുടെ ദേവാലയമാണ് പ്രകൃതി" എന്ന കൽപ്പന ആരുടേതാണ്?

10. അമ്പലമണി ആരുടെ കവിതാസമാഹാരമാണ്?

**(10 × 1 = 10 Marks)**

II. **ഒരു** ഖണ്ഡികയിൽ കവിയാതെ **എട്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

11. ഭരണഭാഷയെ നിർവ്വചിക്കുക.

12. കാവ്യഭാഷയെക്കുറിച്ച് ദാന്തെയുടെ നിലപാടുകൾ എന്തെല്ലാം?

13. ആശയവിനിമയ പഠന മേഖലയ്ക്ക് മാർഷൽ മക്‌ലുഹന്റെ സംഭാവനകളെക്കുറിച്ചു ലഘു കുറിപ്പെഴുതുക.

14. എന്താണ് വ്യക്ത്യന്തര ആശയവിനിമയം (Inter Personal Communication)?

15. വിവരയുഗം വിവരവിസ്ഫോടനത്തിന്റെ മാത്രമല്ല. വിനിമയ വിസ്ഫോടനത്തിന്റേതു കൂടിയാണ് എന്ന് പറയുന്നതെന്തുകൊണ്ട്?

16. ബ്ലോഗിനെക്കുറിച്ച് ലഘു കുറിപ്പെഴുതുക.

17. താഴെപ്പറയുന്ന ശൈലികൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുക.

(a) Writing on the wall

(b) Pregnant with meaning

(c) Shed crocodile tears

(d) Read between lines.

18. 'മുൻകൂട്ടി നിശ്ചയിച്ച ഒരു പദ്ധതിയും കഥയെഴുത്തിൽ നടന്നിട്ടില്ല' എന്ന് എം.ടി. പറയുന്നതെന്തുകൊണ്ട്?

19. താഴെപ്പറയുന്ന വാക്യങ്ങളിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.

(a) ഏകദേശം മുന്നൂറോളം പേർ പങ്കെടുത്ത യോഗമാണ് നടക്കുന്നത്

(b) കേവലം അഞ്ഞൂറ് രൂപാമാത്രമാണ് പുസ്തകത്തിന് നൽകേണ്ട വില.

20. എന്താണ് പ്രഭാഷണാത്മക (Rhetoric) ആശയവിനിമയം?

21. തേർഡ് പേഴ്സണിൽ കഥ പറയുമ്പോഴുള്ള സൗകര്യങ്ങൾ എന്തൊക്കെയെന്നാണ് എം.ടി. പറയുന്നത്?

22. "അവളുടെ ജീവിതപശ്ചാത്തലം, മാനസികമായ വളർച്ച ഇതൊന്നും എനിക്കറിഞ്ഞുകൂടാ" - ആരുടെ? സന്ദർഭം എന്ത്?

**(8 × 2 = 16 Marks)**

III. **ഒന്നരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും ആറു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

23. നിന്റെ ഓർമ്മയ്ക്ക് എന്ന കഥയുടെ രചനാപശ്ചാത്തലം വിവരിക്കുക.

24. ഇന്റർനെറ്റിനെക്കുറിച്ച് വിവരിക്കുക.

25. വിവിധതരം ആശയവിനിമയങ്ങളെക്കുറിച്ച് ചുരുക്കി വിവരിക്കുക.

26. സിനിമ എന്ന മാധ്യമത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

27. 'കവിത അനശ്വരതയിലേക്ക് നീട്ടുന്ന കൈയാണ്' എന്ന് സുഗതകുമാരി സ്ഥാപിക്കുന്നതെങ്ങനെ?

28. ഭരണ ഭാഷയ്ക്കുണ്ടായിരിക്കേണ്ട ഗുണങ്ങൾ എന്തെല്ലാം?

29. ചുവടെക്കൊടുത്തിരിക്കുന്ന ലേഖനഭാഗം ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തുക.

ലോകത്തിലെ മിക്ക ജനവിഭാഗവും ജനാധിപത്യ സംവിധാനത്തിലൂടെ ഇംഗ്ലീഷിനെ തിരസ്കരിച്ച് തങ്ങളുടെ മാതൃഭാഷ ഭരണഭാഷയാക്കി മാറ്റിയ ചരിത്രമാണുള്ളത്. ജപ്പാൻ, റഷ്യ, നൈജീരിയ, ടാൻസാനിയ തുടങ്ങിയ വലുതും ചെറുതുമായ ലോകരാഷ്ട്രങ്ങൾ തങ്ങളുടെ ഭാഷയിലൂടെ ശക്തിയാർജ്ജിച്ചു കൊണ്ടിരിക്കുന്നു. മാതൃഭാഷയ്ക്കുവേണ്ടി സമരം ചെയ്ത ഒരു ചരിത്രം ഇംഗ്ലണ്ടിനുപോലുമുണ്ട്. 18-ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ ഇംഗ്ലണ്ടിലെ കോടതികളിൽ ഭരണഭാഷയും വ്യവഹാരഭാഷയും ഇംഗ്ലീഷ് ആക്കണമെന്നാവശ്യപ്പെട്ട് ഒരു ബഹുജന പ്രക്ഷോഭം ഉണ്ടായി. 1731-ൽ ജോർജ്ജ് രണ്ടാമൻ നടത്തിയ നിയമനിർമ്മാണം മൂലമാണ് അതു സാധ്യമായത്.

30. റേഡിയോ എന്ന ബഹുജന മാധ്യമത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

31. കാവ്യ ഭാഷയെക്കുറിച്ച് എം.കെ. സാനുവിന്റെ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക.

**(6 × 4 = 24 Marks)**

IV. ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് **മൂന്നു** പുറത്തിൽ കവിയാതെ ഉപന്യാസരൂപത്തിൽ ഉത്തരമെഴുതുക.

32. ആശയവിനിമയഘടകങ്ങളും പ്രക്രിയകളും വിവരിക്കുക.

33. ഇലക്ട്രോണിക് മാധ്യമങ്ങളും ആശയവിനിമയവും എന്ന വിഷയത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.

34. ഒരു കഥ ജനിക്കുന്നു എന്ന ലേഖനത്തിൽ സർഗ്ഗാത്മകതയുടെ തലങ്ങളെ എം.ടി. വിവരിക്കുന്നതെങ്ങനെ?

35. എന്റെ കവിതയെപ്പറ്റി എന്ന ലേഖനത്തിൽ തെളിയുന്ന കവയിത്രിയുടെ ചിന്തകൾ ക്രോഡീകരിക്കുക.

**(2 × 15 = 30 Marks)**

---